**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2128** **09-02-2023 - ൽ മറുപടിയ്ക്ക്**

**നെടുമ്പാശ്ശേരി പ്രൈമറി ഹെൽത്ത് സെന്ററിന് പുറമ്പോക്ക് ഭൂമി അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നെടുമ്പാശ്ശേരി പ്രൈമറി ഹെൽത്ത് സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി നെടുമ്പാശ്ശേരി വില്ലേജിൽ ബ്ലോക്ക് 9 ൽ ഉൾപ്പെട്ട 50 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി ലഭ്യമാക്കണമെന്ന അപേക്ഷയിൽ (E-5697757/21/M (H,W&CD) ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിലുള്ള കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (എ) | നെടുമ്പാശ്ശേരി പ്രൈമറി ഹെൽത്ത് സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി നെടുമ്പാശ്ശേരി വില്ലേജിൽ ബ്ലോക്ക് 9 ൽ ഉൾപ്പെട്ട 50 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി ലഭ്യമാക്കണമെന്ന അപേക്ഷയിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.<br><br>സർവ്വേ നം 536/2 ൽ ഉൾപ്പെട്ട 40 സെന്റ് സ്ഥലം (റവന്യൂ പുറമ്പോക്ക്) വിട്ടു കിട്ടുന്നതിനായി എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ ബഹു. ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ടി സർവ്വേ നമ്പറിൽ 20 സെന്റ് സ്ഥലമാണ് ലഭ്യമായിട്ടുള്ളതെന്നും ആയതിനാൽ അപേക്ഷ പുതുക്കി നൽകണമെന്നും നെടുമ്പാശ്ശേരി വില്ലേജ് ഓഫീസർ അറിയിക്കുകയുണ്ടായി. ആയതുപ്രകാരം നെടുമ്പാശ്ശേരി വില്ലേജ് സർവ്വേ നമ്പർ 536/2 ൽ പെട്ട നിലവിൽ റവന്യൂ പുറമ്പോക്കായിട്ടുള്ള 20 സെന്റ് സ്ഥലം ആരോഗ്യ വകുപ്പിന് വിട്ടു കിട്ടുന്നതിനുമുള്ള പുതുക്കിയ അപേക്ഷ ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ആലുവ തഹസിൽദാർക്ക് സമർപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച കത്തിടപാടുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നെടുമ്പാശ്ശേരി പ്രൈമറി ഹെൽത്ത് സെന്ററിന് മേൽ പരാമർശിച്ച ഭൂമി, വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം ലഭ്യമാക്കുന്നതിന് ആരോഗ്യ വകുപ്പ് റവന്യൂ വകുപ്പിന് നിശ്ചിത മാതൃകയിൽ അപേക്ഷ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ആരോഗ്യ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ഈ വിഷയത്തിൽ ആവശ്യമായ അടിയന്തര തുടർനടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ആരോഗ്യ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ആരോഗ്യകുടുംബക്ഷേമ (ഇ) വകുപ്പ്

നം.528/ഇ2/2021/ആ.ക. വ

13/01/2022,തിരുവനന്തപുരം

പ്രേഷിതൻ

പ്രിൻസിപ്പൽ സെക്രട്ടറി,

സ്വീകർത്താവ്

ശ്രീ. അൻവർ സാദത്ത് ,എം.എൽ.എ, (ആലുവ )
ഓലിക്കര ഹൗസ് , പരമ്പയം
നെടുമ്പാശ്ശേരി. പി.ഒ.,
പിൻ- -683 585

സർ,

വിഷയം:- ആരോഗ്യ കുടുംബക്ഷേമ വകുപ്പ- ആലുവ നിയോജക മണ്ഡലത്തിലെ നെടുമ്പാശ്ശേരി പ്രൈമറി ഹെൽത്ത് സെന്ററിന്റെ അടിസ്ഥാന വികസനത്തിനായി 50 സെന്റ് പുറമ്പോക്ക് ഭൂമി റവന്യൂ വകുപ്പിൽ നിന്നും അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 26/10/2021 തീയതിയിൽ താങ്കൾ ബഹു.ആരോഗ്യ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച അപേക്ഷ.

സൂചനയിലേക്ക് സദയം ശ്രദ്ധ ക്ഷണിക്കുന്നു. ആലുവ നിയോജക മണ്ഡലത്തിലെ നെടുമ്പാശ്ശേരി പ്രൈമറി ഹെൽത്ത് സെന്ററിന്റെ അടിസ്ഥാന വികസനത്തിനായി 50 സെന്റ് പുറമ്പോക്ക് ഭൂമി റവന്യൂ വകുപ്പിൽ നിന്നും അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ വിശദമായ റിപ്പോർട്ട് ആരോഗ്യ വകുപ്പ ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുന്നു. ആയത് ലഭ്യമായതിനു ശേഷം പരിശോധിച്ച് അനുയോജ്യമായ തീരുമാനം എടുക്കുന്നതാണ് എന്ന വിവരം അറിയിക്കുന്നു .

വിശ്വസ്തതയോടെ,

ദിലീപ്.സി.ഡി
ജോയിന്റ് സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

പകർപ്പ്-

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സൂചനാ കത്തിന്റെ പകർപ്പ് അടിയന്തിര റിപ്പോർട്ടിനായി)

HEALTH(OS)

ല്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം) എറണാകുളം
പാർക്ക് അവന്യൂ, എറണാകുളം - 682011
☎ 0484-2360802 ✉ dmohekmoffice@gmail.com

'ഭരണഭാഷ - മാതൃഭാഷ'

നമ്പർ.സി1-12321/2019 തീയതി: 05.04.2022

സ്വീകർത്താവ്

ആരോഗ്യവകുപ്പ് ഡയറക്ടർ
തിരുവനന്തപുരം

15/4/22
PLB2
27603
21/4/22

സർ,

വിഷയം:- ആരോഗ്യവകുപ്പ് -ജി.മെ.ഓ (ആ) എറണാകുളം -നെടുമ്പാശ്ശേരി പ്രാഥമികാരോഗ്യകേന്ദ്രത്തിന് റവന്യൂ വകുപ്പിൽ നിന്നും സ്ഥലം ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന:- അങ്ങയുടെ പി.എൽ.ബി2- 7824/2022 പ്രകാരമുള്ള 25.02.2022 ലെ കത്ത്

*******

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സവിനയം ക്ഷണിക്കുന്നു.

എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിലെ സർവ്വെ നമ്പർ 536/2-ൽ പെട്ട 5 സെന്റ് സ്ഥലത്താണ് നിലവിൽ ടി ആരോഗ്യസ്ഥാപനം സ്ഥിതിചെയ്യുന്നത്. സ്ഥല പരിമിതി മൂലം ബുദ്ധിമുട്ടുന്ന ഈ ആരോഗ്യസ്ഥാപനത്തിന് തൊട്ടടുത്തു കിടക്കുന്നതും സർവ്വെനം 536/2-ൽ തന്നെ ഉൾപ്പെട്ടതുമായ 40 സെന്റ് സ്ഥലം (റവന്യൂ പുറമ്പോക്ക്) വിട്ടുകിട്ടുന്നതിനായി ഈ ഓഫീസിലെ സി1- 12321/19, തീയതി 14.10.2019 പ്രകാരം, ബഹു ജില്ലാ കളക്ടറിന് അപേക്ഷ സമർപ്പിക്കുകയുണ്ടായി. എന്നാൽ തുടർ നടപടികൾ സ്വീകരിച്ചതായി അറിയിപ്പ് ലഭിക്കുകയുണ്ടായില്ല.

പിന്നീട്, ആലുവ തഹസിൽദാർ ( എൽ.ആർ) തന്റെ സി2-1067/20 തീയതി 21.01.2022 ലെ കത്ത് പ്രകാരം, ആരോഗ്യവകുപ്പ് 40 സെന്റ് സ്ഥലമാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും, എന്നാൽ നെടുമ്പാശ്ശേരി വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് പ്രകാരം ടി സർവ്വെ നമ്പറിൽ 20 സെന്റ് സ്ഥലമാണ് ലഭ്യമായിട്ടുള്ളതെന്നും, ആയതിനാൽ അപേക്ഷ പുതുക്കി നൽകുന്നതിനും അറിയിക്കുകയുണ്ടായി.

പ്രസ്തുത കത്ത് ലഭ്യമായതിനെ തുടർന്ന് നെടുമ്പാശ്ശേരി വില്ലേജ് സർവ്വെ നമ്പർ 536/2-ൽ പെട്ട നിലവിൽ റവന്യൂ പുറമ്പോക്കായിട്ടുള്ള 20 സെന്റ് സ്ഥലം ആരോഗ്യവകുപ്പിന് വിട്ടുകിട്ടുന്നതിന് പുതുക്കിയ അപേക്ഷ ഈ ഓഫീസിലെ ഇതേ നമ്പർ കത്ത്, തീയതി 05.03.2022 പ്രകാരം ആലുവ തഹസിൽദാർ (എൽ.ആർ) ക്ക് സമർപ്പിച്ചിട്ടുള്ളതാകുന്നു എന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

വിശ്വസ്തതയോടെ,

ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)
എറണാകുളം

ടിബി/



Generated from eOffice by VIDYA.S.KUMAR, ASST (E2) HEALTH, ASST (E2) HEALTH, H&FWD on 06/02/2023 02:53 PM

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം
വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം - 695035
ഫോൺ: 0471-2302490 ഫാക്സ്: 0471-2303025/2030
ഇ-മെയിൽ: dhskerala.hlth@kerala.gov.in വെബ്.സൈറ്റ്: www.dhs

നമ്പർ.പി.എൽ.ബി2-7824/2022/ആ.വ.ഡ

തീയ

പ്രേഷകൻ

ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)
എറണാകുളം.

സർ,

വിഷയം-ആ.വ.ഡ - നെടുമ്പാശേരി പി.എച്ച്.സിക്ക് റവന്യൂ ഭൂമി ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന- കത്ത് നം.സി1-12321/2019/ജി.മെ.ആ(ആ) എറണാകുളം

..................

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. നെടുമ്പാശേരി കേന്ദ്രത്തിന് റവന്യൂ പുറമ്പോക്കായിട്ടുള്ള 536/2 സർവേ നമ്പറിൽപ്പെട്ട വിട്ടു കിട്ടുന്നതിന് ആലുവ തഹസിൽദാർക്ക് താങ്കൾ സമർപ്പിച്ച അപേക്ഷ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

(ഒപ്പ്)

ആരോഗ്യവകുപ്പ് ഡയറ

എം.എസ് 29/7/2022

23199

GOVERNMENT OF KERALA

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**വഞ്ചിയൂർ പി.ഒ. തിരുവനന്തപുരം, പിൻ- 695035**
**ഫോൺ: 0471-2302490 ഫാക്സ്:0471-2303025/20303080**
**ഇ.മെയിൽ dhskerala.hlth@kerala.gov.in/ വെബ് സൈറ്റ് www.dhs.kerala.gov.in**

പി.എൽ.ബി2-7824/2022/ആ.വ.ഡ.

തീയതി, 18/07/2022.

പ്രേഷകൻ

ആരോഗ്യവകുപ്പ് ഡയറക്ടർ.

സ്വീകർത്താവ്

പ്രിൻസിപ്പൽ സെക്രട്ടറി
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം:- ആ.വ.ഡ- എറണാകുളം, നെടുമ്പാശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് റവന്യൂ വകുപ്പിൽ നിന്നും സ്ഥലം ലഭ്യമാക്കുന്നത്- സംബന്ധിച്ച്

സൂചന :-1. നം.528/ഇ 2/2021/ആ.കു.വ

2. കത്ത് നം.സി1-12321/19/ജി.മെ.ആ(ആ) എറണാകുളം 05/04/2022

സൂചനകളിലേയ്ക്ക് സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. ആലുവ നിയോജക മണ്ഡലത്തിലെ നെടുമ്പാശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിനായി 50 സെന്റ് പുറമ്പോക്ക് ഭൂമി റവന്യൂ വകുപ്പിൽ നിന്നും അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ സൂചന (2) പ്രകാരം ജില്ലാ മെഡിക്കൽ ആഫീസർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ടി റിപ്പോർട്ട് പ്രകാരം നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്തിലെ സർവ്വേ നം.536/2-ൽപ്പെട്ട 5 സെന്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്ന നെടുമ്പാശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ഇതേ സർവ്വേ നമ്പരിൽ ഉൾപ്പെട്ട 40 സെന്റ് സ്ഥലം വിട്ടു കിട്ടുന്നതിനായി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ടി സർവ്വേ നമ്പരിൽ 20 സെന്റ് സ്ഥലമാണ് നിലവിലുള്ളതെന്നും ആയതിനാൽ അപേക്ഷ പുതുക്കി നൽകണമെന്നും അറിയിക്കുകയുണ്ടായി. ഈ വിഷയം സംബന്ധിച്ച് ജില്ലാ മെഡിക്കൽ ആഫീസർ സൂചന(2) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാരിന്റെ അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)
ഡോ.സി.കെ.ജഗദീശൻ
അഡീ. ആരോഗ്യവകുപ്പ് ഡയറക്ടർ പ്ലാനിംഗ് ഇൻ-ചാർജ്ജ്

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ആർ.എസ്. 2/8/22

# ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) എറണാകുളം

പാർക്ക് അവന്യൂ, എറണാകുളം - 682011

☎ 0484 -2360802 ✉ dmohekmoffice@gmail.com


'ഭരണഭാഷ - മാതൃഭാഷ'

**നം.സി1 -12321/2019**

**തീയതി: 05.03.2022**

സ്വീകർത്താവ്

തഹസിൽദാർ (എൽ.ആർ.)
താലൂക്ക് ഓഫീസ്, ആലുവ.

സർ,

വിഷയം:- ആരോഗ്യവകുപ്പ് - ജി.മെ.ഓ.(ആ), എറണാകുളം ജില്ല - നെടുമ്പാശ്ശേരി കുടുംബാരോഗ്യകേന്ദ്രത്തിന് അധിക ഭൂമി അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന:- താങ്കളുടെ ബി2-1067/20 പ്രകാരമുള്ള 21.01.2022 ലെ കത്ത്

*************************

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം ആവശ്യപ്പെട്ടതനുസരിച്ചുള്ള പുതുക്കിയ അപേക്ഷ, സ്ഥലത്തിന്റെ സ്കെച്ച് സഹിതം താങ്കളുടെ അനന്തര നടപടികൾക്കായി നൽകുന്നു.

ഉള്ളടക്കം: മേൽ സൂചിപ്പിച്ചത്

വിശ്വസ്തതയോടെ,

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
എറണാകുളം

പകർപ്പ്:
മെഡിക്കൽ ഓഫീസർ ഇൻചാർജ്ജ്
കുടുംബാരോഗ്യകേന്ദ്രം,
നെടുമ്പാശ്ശേരി.

കെ.എസ്

## REQUISITION FOR TRANSFER OF GOVERNMENT LAND
## VIDE G.O(P)NO.881/65/Revenue dated 17.05.1965

| | | |
|---|---|---|
| 1. | Name and Address of the Requisition Authority | : MEDICAL OFFICER IN CHARGE PHC. Nedumbassery. |
| 2. | Name of Department of the Requisition Authority | : Health Service. |
| 3. | Whether it is Service or commercial Department | : SERvice. |
| 4. | Whether it is a Public undertaking or local body or Other kind of institution | : Health Department Govt. of Kerala. |
| 5. | Details of Land to be Transfer | : Block number. 10 Re Sy No. 5[illegible] Area 08.71 Ar (21.522 cent. |
| 6. | Name of District and Taluk | : Ernakulam, Aluva. |
| 7. | Village and Survey No | : Nedumbassery 536/2 |
| 8. | Extent of Land | : Block number. 10. Re. Sy. No. 6[illegible] Area 08.71. Ar. (21.522 cent) |
| 9. | Classification of Land | Purambokku land. (waste Land |
| 10. | Details of improvement on the land | : NA |
| 11. | Details of Building thereon | : NA |
| 12. | Department to which the land belongs | : Govt. Land (Purambokku land Revenue Department |
| 13. | Whether it is a service or commercial Department | : Service |
| 14. | Purpose of the transfer | : Govt purpose (New Building for PHC) |
| 15. | Whether the purpose in Industrial/ Commercial Remuneration nature | : Detailed Justification Report Attached. |
| 16. | Whether agreeable to remit market value | : Service purpose NA |
| 17. | Any other details for special consideration | : NA |

Eraption of New Bulding is necessary do to the landconstraints of present Bulding


Place : Nedumbassery

Date: 04/03/2022.

Address & Designation
മെഡിക്കൽ ഓഫീസർ ഇൻ ചാർജ്
പ്രാഥമികാരോഗ്യകേന്ദ്രം, നെടുമ്പാശ്ശേരി
മേക്കാട് പി.ഒ., പിൻ-683589

| |
|---|
| ...rnakulam |
| ...k: Aluva |
| Village: Nedumbassery |

| |
|---|
| Block No: 10 |
| Re.Sy No. 536/2 |
| Area: 08.71 Are |
| (21.522 cent) |




VILLAGE OFFICER
NEDUMBASSERY

ലൊക്കേഷൻ സ്കെച്ച്